**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2860** **13-12-2022 - ൽ മറുപടിയ്ക്ക്**

**കെയർ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | കെയർ ഹോം പദ്ധതി മുഖേന സംസ്ഥാനത്ത് എത്ര വീടുകൾ നിർമ്മിച്ച് നൽകിയെന്ന് വിശദമാക്കാമോ; | (എ) | കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ നിർമ്മിച്ചു നൽകുന്നതിന് അനുമതി ലഭിച്ച 2093 വീടുകളിൽ, 2022 നവംബർ 25 വരെ 2091 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, ആയതിൽ 2089 വീടുകൾ ആതാത് ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.<br><br>2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിന്റെ പ്രാരംഭ നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ എത്ര വീടുകൾ നിർമ്മിച്ച് നൽകിയെന്ന് വ്യക്തമാക്കാമോ? | (ബി) | കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ 206 വീടുകൾ നിർമ്മിച്ച് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ